28 (1242) ഗവൺമെന്റ് പ്രസ്സുകളിലെ ഒഴിവുകൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിൽ കാലാകാലങ്ങളിൽ ഒഴിവുവരുന്ന തസ്തികകൾ എല്ലാം യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്പോൾ ഏതെല്ലാം തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്;

(സി) അവ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ പേയ്സ്റ്റ് അപ് ആർട്ടിസ്റ്റ് തസ്തിക ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണോ;

(ഇ) എങ്കിൽ ഈ തസ്തിക ഇതേവരെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)(സി)&(ഇ) കോപ്പി ഹോൾഡറുടെ 5 ഒഴിവുകളും മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ പേസ്റ്റ് അപ് ആർട്ടിസ്റ്റിന്റെ ഒരു ഒഴിവും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

29 (1243) ബൈൻഡർ തസ്തികയിലെ ഒഴിവുകൾ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സിന്റെ കോട്ടയം ജില്ലാ ഓഫീസിൽ ഇപ്പോൾ ബൈൻഡറുടെ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ഇതിലേക്കായി കോട്ടയം ജില്ലാ പി.എസ്.സി. എന്നാണ് ബൈൻഡർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്;

(സി) ഇതിൽ എത്രപേർക്ക് ഇതുവരെയായി നിയമനം നൽകി എന്ന് വെളിപ്പെടുത്തുമോ;

(ഡി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് നിയമനം നൽകാൻ കഴിയും?

ഉത്തരം

(എ) അഞ്ച് ഒഴിവുകൾ ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആർക്കും നിയമനം നൽകിയിട്ടില്ല.

(ഡി) കെ.പി.എസ്.സി.യുടെ കോട്ടയം ജില്ലാ ഓഫീസിൽനിന്നും അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly